<u>ശ്രദ്ധക്ഷണിക്കൽ</u>

<u>റേഷൻ മുൻഗണനാ പട്ടികയിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. കെ. ദാസൻ</u>: സർ, കേരളത്തിൽ 222 തീരദേശ മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി പതിനൊന്നര ലക്ഷത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇന്ത്യയുടെ ആകെ മത്സ്യസമ്പത്തിന്റെ മൂന്ന് ശതമാനത്തോളം സംഭാവന ചെയ്യുന്നത് കേരളമാണ്. പൂർണ്ണമായും യന്ത്രവൽകൃത മത്സ്യബന്ധനം നടത്തുന്നവർ 52 ശതമാനം വരും. നിയതമായ വരുമാനമില്ലാത്ത ഈ വിഭാഗം പൂർണ്ണമായും മത്സ്യലഭ്യതയെ മാത്രം ആശ്രയിച്ചാണ് കഴിയുന്നത്. എപ്പോഴും അപകടം പിണഞ്ഞ പരമ്പരാഗത മത്സ്യത്തൊഴിലാളികളായ ഇവരുടെ ഒരു ദിവസത്തെ ജീവിതം പുലർച്ചെ നാല് മണിയോടെ ആരംഭിക്കുകയാണ്. എഞ്ചിനുള്ള എണ്ണയും തൊഴിലാളികളുടെ ഭക്ഷണവും ഉൾപ്പെടെ വരുമ്പോൾ ഒരു ദിവസം 20,000 (ഇരുപതിനായിരം) രൂപയോളം ചെലവുവരും. കഠിനമായി ജോലിചെയ്താൽപ്പോലും ഒന്നും കിട്ടാതെ വെറും കയ്യോടെ തിരിച്ചുവരേണ്ടുന്ന

അവസ്ഥയാണ് ഇന്നുള്ളത്. ബാങ്കിൽ അടയ്ക്കേണ്ട ലോൺ മുടങ്ങി, പലിശക്കാരുടെ ഭീഷണി, കുട്ടികളുടെ വിദ്യാഭ്യാസം എല്ലാംകൊണ്ടും ദുരിതജീവിതമാണ് ഇവർക്കുള്ളത്. കടലിൽ മീനില്ലാത്തതും അനിയന്ത്രിതമായ മത്സ്യബന്ധനവും പരമ്പരാഗത തൊഴിലിനെ ബാധിച്ചിരിക്കുകയാണ്. കടലോളം കണ്ണുനീരുമായി കഴിയുന്ന കടലിന്റെ മക്കളുടെ ഉപജീവന മാർഗ്ഗം അടഞ്ഞുകിടക്കുകയാണ്. എന്നും കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾ ഒരിക്കലും നിരാശരല്ല. കടലിന്റെ കനിവാണ് അവരുടെ പ്രതീക്ഷ. കൊടിയ ദാരിദ്ര്യവും കടക്കെണിയുമാണെങ്കിലും അവർ ഒരിക്കൽപ്പോലും ആത്മഹത്യാ കയത്തിൽ അഭയം തേടാറില്ല. നാളെ ചാകരയുണ്ടാകുമെന്നാണ് ഓരോ മീൻപിടുത്തക്കാരനും സ്വപ്നം കാണുന്നത്. കടലിലേയ്ക്ക് വീണ്ടും വീണ്ടും വഞ്ചി പായിച്ചും ചാളത്തടി തുഴഞ്ഞും ചൂണ്ടയിട്ടും ഉള്ള പ്രതീക്ഷയിലാണ് അവർ ജീവിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ആദിവാസി മേഖലയെപ്പോലെയാണ്. നിരവധി കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നു എന്നതാണ് ഇവർ നേരിടുന്ന ദു:ഖകരമായ കാര്യം. ജനസാന്ദ്രത കൂടുതലുള്ള കടലോരത്ത് അവരിന്നും കൂട്ടുകുടുംബമായാണ് താമസിക്കുന്നത്. വീട് വയ്ക്കാൻ ഭൂമിയില്ല. അതുകൊണ്ട്

ഇവർക്ക് റേഷൻ കാർഡ് ലഭ്യമല്ല. നല്ലൊരു ശതമാനം മത്സ്യത്തൊഴിലാളികളും എ.പി.എൽ. റേഷൻ കാർഡ് ഉടമകളാണ്. അതുകൊണ്ട് സൗജന്യചികിത്സ അവർക്ക് നിഷേധിക്കപ്പെടുകയാണ്. ദാരിദ്ര്യവും പോഷകാഹാരക്കുറവും അവരെ ബാധിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ ഉയർന്ന ഫീസ് കൊടുക്കേണ്ടിവരുന്നുണ്ട്. ബി.പി.എൽ. പട്ടികയിൽ അല്ലാത്തതിനാൽ അവർക്ക് വിവിധ ക്ഷേമപദ്ധതികൾ നിഷേധിക്കപ്പെടുന്നു. റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ലഭിക്കുന്ന സബ്സിഡി നിരക്കിലുള്ള അരിയും പലവ്യഞ്ജനങ്ങളും ഇവർക്ക് ലഭിക്കാതെ പോകുന്നു. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ വെയിറ്റേജും സൂചകങ്ങളുമെല്ലാം കേരളത്തിന്റെ തനതായ പ്രശ്നങ്ങൾ കണക്കാക്കപ്പെടുന്നില്ല. എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും കുടുംബങ്ങളെയും ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സർക്കാരിന്റെയും നിയമസഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് മുമ്പ് നിലവിലിരുന്നതിൽനിന്നും വ്യത്യസ്തമായി ബി.പി.എൽ., എ.പി.എൽ. കാർഡുകൾക്കുപകരം മുൻഗണന/മുൻഗണനേതര കാർഡുകളാകും ഉണ്ടാവുക. ഈ നിയമപ്രകാരം സംസ്ഥാനത്ത് മുൻഗണനാനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം 1,54,80,042 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്തി രണ്ട്) ആണ്. മുൻഗണന/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാണ്. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായനികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരു ഏക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ, നാലുചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽനിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് ഫോർ തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻ സർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ

താലൂക്കുതല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളും മുൻഗണനാ പട്ടികയിൽപ്പെടുന്നതാണ്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് പുതുക്കലിനായി കരട് പട്ടിക 20.10.2016-ന് റേഷൻ കടകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷണിംഗ് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ആക്ഷേപങ്ങളും പരാതികളുമുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നവംബർ മാസം 5-ാം തീയതിവരെ പരാതി നൽകാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമായ പരാതി സ്വീകരിച്ച് തെളിവെടുപ്പിനായി വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ അവകാശവാദങ്ങളുടെ രേഖകളുമായി ഹാജരാകാൻ പരാതിക്കാരനെ അറിയിക്കുകയും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും പട്ടികയിൽ മാറ്റം വരുത്തുകയും ചെയ്യുന്നതാണ്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ

അപ്പലേറ്റ് കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. അപ്പലേറ്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. ലിസ്റ്റ് രൂപപ്പെടുത്താൻ ഉപയോഗപ്പെടുത്തിയ വിവരങ്ങൾ കാർഡുടമ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് തന്നതുതന്നെയാണ്. അഥവാ അപാകതയുണ്ടെങ്കിൽ മേൽവിവരിച്ച വിശദമായ നടപടിക്രമങ്ങൾ ശരിയായി പ്രയോജനപ്പെടുത്തി കുറ്റമറ്റ ഒരു മുൻഗണനാ പട്ടിക തയ്യാറാക്കാൻ മാദ്ധ്യമങ്ങളിലൂടെയും വിവിധ സ്ഥാപനങ്ങൾ വഴിയും സർക്കാർ പരസ്യങ്ങളിലൂടെ നിരന്തരം ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരങ്ങൾ ശരിയായി പ്രയോജനപ്പെടുത്തിയാൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കുള്ളിൽ മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റിലും മുൻഗണന ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖയിൽ ഈ ക്ലേശഘടകങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിനോട് കേരള ഗവൺമെന്റ് ആവശ്യപ്പെടുമോ?

ശ്രീ. പി. തിലോത്തമൻ: സർ, എൽ.എഫ്.എസ്.എ.യുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഇനി സാധിക്കുകയില്ല. അത് പാർലമെന്റ്

പാസ്സാക്കി, നിയമം ആയിക്കഴിഞ്ഞു. സംസ്ഥാനങ്ങൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമാണ്. ഇനി നമുക്ക് അതിനാവില്ല. നമുക്ക് നമ്മുടേതായ പ്രയാസങ്ങൾ സ്വാഭാവികമായും കേന്ദ്രഗവൺമെന്റിനെ അറിയിക്കാം.

ശ്രീ. കെ. നാണു: സർ, കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റിന് അപേക്ഷിക്കാമല്ലോ. ലഭിക്കുന്നില്ലെങ്കിൽ ലഭിക്കേണ്ട. നമ്മളത് കൈകാര്യം ചെയ്യുന്നതിന് കുഴപ്പമില്ലല്ലോ.

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് ആവശ്യപ്പെടാം. അതിന്റെ പരിമിതിയാണ് ഞാൻ പറഞ്ഞത്. നമ്മുടെ ഇന്നത്തെ ക്രൈറ്റീരിയ അനുസരിച്ച് മുഴുവൻ മത്സ്യത്തൊഴിലാളികളും മുൻഗണനാ പട്ടികയിൽ വരാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അതിഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. കഴിഞ്ഞദിവസം ശ്രീ. എസ്. ശർമ്മ ഇവിടെ ഒരു പ്രമേയം കൊണ്ടുവന്നു. കൊച്ചിൻ ഷിപ്പിയാർഡിന്റെ 25 ശതമാനം ഓഹരി വിറ്റഴിക്കുന്നതിന് എതിരായിട്ടും എച്ച്.ഒ.സി. അടച്ചുപൂട്ടാൻ

തീരുമാനമെടുത്തതിലും എഫ്.എ.സി.ടി. നേരിടുന്ന അതിഗുരുതരമായ പ്രതിസന്ധിയുമെല്ലാംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് അന്ന് അദ്ദേഹം പ്രമേയം കൊണ്ടുവന്നത്. നമ്മളെല്ലാവരും ആ പ്രമേയത്തിന് അനുകൂലമായി തീരുമാനമെടുത്ത് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കാൻ പോകുന്നു.

ഇപ്പോൾ ഏറ്റവും നന്നായി മുന്നോട്ടുപോകുന്ന വെള്ളൂർ എച്ച്.എൻ.എൽ.ന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. എൺപതിനായിരം ടൺ ഉൽപ്പാദന ശേഷിയിൽ ആരംഭിച്ച വെള്ളൂർ എച്ച്.എൻ.എൽ. ഇപ്പോൾ ഒരു ലക്ഷം ടൺ ആയി വർദ്ധിപ്പിച്ച് നന്നായി മുന്നോട്ടുപോകുകയാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം രണ്ടോ മൂന്നോ വർഷമൊഴികെ എല്ലാ വർഷവും ലാഭത്തിൽ പ്രവർത്തിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് വെള്ളൂർ എച്ച്.എൻ.എൽ. പ്രവർത്തന കാലങ്ങളിലെല്ലാം നൂറ് ശതമാനത്തിലധികം ഉല്പാദനശേഷി കമ്പനിക്ക് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക മുതൽമുടക്കിനുശേഷം കമ്പനി പുനരുദ്ധാരണത്തിനോ വൈവിദ്ധ്യവൽക്കരണത്തിനോ യാതൊരു കേന്ദ്രസഹായവും ഇതുവരെ നൽകിയിട്ടില്ല. ഊർജ്ജ ക്ഷമതാ അവാർഡ്, ഉല്പാദക ക്ഷമതാ അവാർഡ്,

സുരക്ഷിതത്വ ക്ഷേമ അവാർഡ് മുതലായ പുരസ്കാരങ്ങൾ നിരവധി തവണ കമ്പനി നേടിയിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും പതിനായിരത്തിലധികം ആളുകളാണ് ഈ എച്ച്.എൻ.എൽ. കമ്പനിയെ ആശ്രയിച്ച് ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇത്രയും നന്നായി പ്രവർത്തിക്കുന്ന വെള്ളൂർ എച്ച്.എൻ.എൽ.നെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. മുഖ്യമന്ത്രിയും സംസ്ഥാന ഗവൺമെന്റും ഇതിനെതിരെ അടിയന്തരമായി ഇടപെടുകയും കേരളത്തിലെ എം.പി.മാരെ മൊത്തമായി വിളിച്ച് അവർക്ക് നിർദ്ദേശം കൊടുക്കുകയും വേണം. കേന്ദ്രത്തിൽ ചെല്ലുമ്പോൾ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഇല്ല. നമ്മളെല്ലാം ഒന്നല്ലേ; മുഖ്യമന്ത്രി എല്ലാ എം.പി.മാരേയും ഒന്നിച്ച് വിളിച്ചുകൂട്ടി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന ഈ തീരുമാനത്തിന് എതിരായി ഇടപെടാൻ ആവശ്യപ്പെടണം. ബാക്കിയുള്ള സംസ്ഥാനങ്ങളിലൊന്നും ഇത്രയുമില്ല. ഇവിടെ ബി.ജെ.പി.ക്ക് എം.പി.മാരൊന്നും ഇല്ലാത്തതുകൊണ്ടാകാം ഒരു പക്ഷേ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ഇങ്ങനെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ

എഫ്.എ.സി.റ്റി.യുടെയും എച്ച്.ഒ.സി.യുടെയും ഷിപ്പിയാർഡിന്റെയുമൊക്കെ കാര്യമെടുത്താൽ നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നോരോന്നായി ഇല്ലായ്മചെയ്യാൻവേണ്ടി കേന്ദ്ര സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. അങ്ങ് ഇടപെട്ടാൽ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയും. അങ്ങ് എം.പി.മാരുടെ യോഗം വിളിച്ച് ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് അവരോട് നിർദ്ദേശിച്ച് മുന്നോട്ടുപോയാൽ ഇതിനെല്ലാം തടയിടാൻ കഴിയും. സ്വകാര്യവൽക്കരണത്തെ പ്രതിരോധിക്കുവാൻ അങ്ങ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കണം. അങ്ങ് വിചാരിച്ചാൽ നടക്കാത്ത കാര്യമില്ല. അങ്ങ് മനസ്സ് വച്ചാൽ മതി. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഓരോ ദിവസവും ഓരോ തീരുമാനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് എച്ച്.എൻ.എൽ.ന്റെ കേസ്സാണെങ്കിൽ നാളെ വേറെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളെ പിടിക്കും. ഇത് ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നഷ്ടത്തിൽ പോകുകയാണെങ്കിൽ നമുക്ക് അതിന്റെ പേരിൽ ആശ്വസിക്കാം. ലാഭത്തിൽ പോകുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാൻ വേണ്ടിയെടുത്ത തീരുമാനമാണ്. കഴിഞ്ഞ ദിവസത്തെ പ്രമേയ ചർച്ചയ്ക്കിടെ

പറഞ്ഞു, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ശ്രീ. എ. ബി. വാജ്പേയിയുടെ കാലത്ത് ഒരു മന്ത്രിയെതന്നെ ഡെപ്യൂട്ട് ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തിന്റെ പൊതു സ്വത്താണ്. അത് സംരക്ഷിക്കാനുള്ള ബാദ്ധ്യതയുള്ള ഒരു ഗവൺമെന്റ് ഇത്രയും വിരോധത്തോടുകൂടി കേരളത്തിലെ ജനങ്ങളോടും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളോടും കാണിക്കുന്ന ഈ അനീതിക്കെതിരെ അങ്ങ് മുൻകൈ എടുത്ത് പ്രതിരോധിക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച വികാരത്തോട് പൊതുവിൽ യോജിക്കുകയാണ്. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഏക അഭിപ്രായം തന്നെയാണുള്ളത്. ഇവിടെ പരാമർശിച്ച എച്ച്.എൻ.എൽ.ന്റെ കാര്യത്തിൽ, കൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ

അനുബന്ധ കമ്പനിയായിട്ടാണ് വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പ്രവർത്തിച്ചുവരുന്നത്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഏറ്റവും നിലവാരമുള്ള, നല്ല യശസ്സ് നേടിക്കഴിഞ്ഞിട്ടുള്ള ഒരു സ്ഥാപനമാണിത്. അന്താരാഷ്ട്ര മാർക്കറ്റിൽ ഏറ്റവും ഗുണനിലവാരമുള്ള ന്യൂസ് പ്രിന്റ് വിപണനം ചെയ്യുന്ന കമ്പനിയായ എച്ച്.എൻ.എൽ. മിനിരത്ന വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുന്ന സ്ഥാപനമാണ്. ഒരു ലക്ഷം ടണ്ണിലധികം ഉല്പാദനശേഷിയുള്ള ഈ കമ്പനിയുടെ ടേണോവർ 350 കോടി രൂപയിലേറെയാണ്. ഡിവിഡന്റ് ഇനത്തിൽ 117 കോടിരൂപ കമ്പനി കേന്ദ്രസർക്കാരിനുതന്നെ നൽകിയിട്ടുണ്ട്. എന്നാൽ സമീപകാലത്ത് ചില പ്രതിസന്ധികൾ കമ്പനി നേരിടുന്നുണ്ട്. ന്യൂസ് പ്രിന്റിന്റെ വൻതോതിലുള്ള ഇറക്കുമതി, വർദ്ധിച്ച നിർമ്മാണച്ചെലവ്, മെഷിനറിയുടെയും പ്ലാന്റിന്റെയും നവീകരണത്തിന്റെ അഭാവം ഇതെല്ലാം പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നുണ്ട്. നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും ഏകദേശം 450 കോടി രൂപ ചെലവ് വരുമെന്നാണ്

കണക്കാക്കിയിട്ടുള്ളത്. എച്ച്.എൻ.എൽ.നെ മാതൃസ്ഥാപനത്തിൽനിന്നും വേർപെടുത്തി കേന്ദ്രസർക്കാരിന്റെ ധന- വ്യവസായ വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണം; കടബാധ്യതകൾ തീർക്കാൻ 100 കോടി രൂപ ഗ്രാന്റായോ വായ്പയായോ അനുവദിക്കണം; ഇതെല്ലാം നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പനിയുടെ സ്വകാര്യവൽക്കരണ ഓഹരി വിറ്റഴിക്കൽ നീക്കത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്നും ഈ സ്ഥാപനത്തെ സംരക്ഷിച്ച് പൊതുമേഖലയിൽ നിലനിർത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 24.10.2016-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച തരത്തിൽ എം.പി.മാർക്കും ഈ കാര്യങ്ങളെക്കുറിച്ച് അറിയാവുന്നതാണ്. കഴിഞ്ഞ ദിവസംചേർന്ന എം.പി.മാരുടെ കോൺഫറൻസിൽ കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങൾ എം.പി.മാർ കൂട്ടായിത്തന്നെ കേന്ദ്രഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങേയ്ക്ക് ചോദിക്കാൻ അവസരം തരാം. ചില സാങ്കേതിക തകരാറുകൊണ്ട് 15 മിനിട്ട്

നേരത്തേയ്ക്ക് സഭ നിർത്തിവയ്ക്കുകയാണ്.

(സാങ്കേതിക തകരാറുകാരണം രാവിലെ 9.44-ന് സഭ നിർത്തിവച്ചു.)

(സാങ്കേതിക തകരാറുകാരണം രാവിലെ 9.44-ന് നിർത്തിവച്ച സഭ 10.24-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ അങ്ങ് എല്ലാ രീതിയിലും പ്രതിരോധിക്കാൻ തീരുമാനമെടുക്കുമെന്നാണ് എന്റെ വിശ്വാസം. ഏതെങ്കിലും കാരണവശാൽ കേന്ദ്ര ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഈ എച്ച്.എൻ.എൽ-ന്റെ 26 ശതമാനം ഓഹരി വാങ്ങിയെടുത്തുകൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ഒരു സംയുക്ത സംരംഭമായി എച്ച്.എൻ.എൽ.നെ നിലനിർത്തുവാൻ നടപടിയെടുക്കുന്നതിനുള്ള തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: ഇപ്പോൾ നമുക്ക് കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലൊരു നിലപാടിലേയ്ക്ക് പോകാൻ പാടില്ലായെന്ന

സമീപനത്തിൽത്തന്നെ നിൽക്കാം. അതിനുവേണ്ടി എല്ലാവർക്കുംകൂടി സമ്മർദ്ദം ചെലുത്താം. അതിന് ഫലമുണ്ടാക്കാൻ കഴിയുമോയെന്ന് നോക്കി പിന്നീട് അതിന്റെ റിസൾട്ട് പോലെ ചെയ്യാം.